(ബി) ഇതേപ്പറ്റി ഇപ്പോൾ ഒന്നും പറയാൻ സാധിക്കുകയില്ല.

(സി) കേന്ദ്രഗവൺമെന്റ് ഇക്കാര്യത്തിൽ സഹായവാഗ്ദാനങ്ങളൊന്നും നൽകിയിട്ടില്ല.

ശക്തൻതമ്പുരാൻ സ്മാരകം

996. [1453] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശക്തൻതമ്പുരാന്റെ കോവിലകവും പറമ്പും ഗവൺമെന്റ് ഏറ്റെടുത്ത് സ്മാരകമായി സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) എന്നത്തേക്ക് ഏറ്റെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) ശക്തൻതമ്പുരാന്റെ കോവിലകവും പറമ്പും ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നതേയുള്ളു.

(ബി) കൃത്യമായി പറയാൻ കഴിയുകയില്ല. ഏറ്റെടുക്കൽ നടപടി കഴിവതും വേഗം പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണ്.

നെൽവയലുകൾ

997. [1454] ശ്രീ. കെ. പി. അരവിന്ദാക്ഷൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു ;

(ബി) ഇതിൽ ഒരുപ്പൂ നിലം എത്ര : ഇരുപ്പൂ നിലം എത്ര ;

(സി) സംസ്ഥാനത്തെ ഓരോ ജില്ലയിലേയും കണക്ക് പ്രത്യേകം വെളിപ്പെടുത്താമോ ;

(ഡി) 1980-ൽ ഇത് ഓരോ ജില്ലയിലും എത്ര വീതം ആയിരുന്നു ?

ഉത്തരം

(എ) 1982-83-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ഇപ്പോൾ 740086 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ട്.

(ബി) ഒന്നാംവിള 327783 ഹെക്ടറിലും രണ്ടാംവിള 324580 ഹെക്ടറിലും മൂന്നാംവിള 87743 ഹെക്ടറിലും കൃഷി ചെയ്യുന്നതായി കണക്കാക്കിയിരിക്കുന്നു.

(സി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ഒന്നിൽ ചേർക്കുന്നു †

(ഡി) അനുബന്ധം രണ്ടിൽ ചേർക്കുന്നു.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly